പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4742 | 28.06.2013 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടികളുടെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ. ഇ.കെ. വിജയൻ** | **ഡോ. എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയുംവകുപ്പു മന്ത്രി)** |
| (എ) കേരളത്തിലെ അംഗൻവാടികളുടെ ഭൗതിക സൗകര്യങ്ങൾ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ പോകുന്നത്; വിശദമാക്കാമോ? | (ബി) അംഗൻവാടികൾക്ക് കെട്ടിടമുൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കേണ്ട ചുമതല ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. അംഗൻവാടികൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിലേയ്ക്ക് സംസ്ഥാനതലത്തിൽ 3 പദ്ധതികളാണ് നിലവിലുള്ളത്.<br>(1) <u>മാതൃകാ അംഗൻവാടി പദ്ധതി</u><br>ഒരു നിയോജകമണ്ഡലത്തിൽ ഒന്ന് എന്ന ക്രമത്തിൽ 140 നിയോജക മണ്ഡലങ്ങളിൽ സ്വന്തമായി 10 സെന്റ് സ്ഥലവും എം.എൽ.എ യുടെ ഫണ്ടും ഉൾപ്പെടെ ലഭ്യമാക്കുന്ന മുറയ്ക്ക് നിലവിലുള്ള അംഗൻവാടിയെ മാതൃകാ അംഗൻവാടിയായി ഉയർത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതി.<br>(2) <u>നബാർഡ്- ആർ.ഐ.ഡി.എഫ് പദ്ധതി</u><br>നബാർഡ് ആർ.ഐ.ഡി.എഫ് സ്കീം പ്രകാരം സ്വന്തമായി കെട്ടിടം നിർമ്മിക്കുക, കാലപ്പഴക്കം കൊണ്ട് പൊളിഞ്ഞുവീഴാറായവ പുനർനിർമ്മിക്കുക എന്നിങ്ങനെയുള്ള 700 അംഗൻവാടികളുടെ നിർമ്മാണപ്രവർത്തനങ്ങൾ ആണ് ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്നത്.<br>(3) <u>സ്റ്റേറ്റ് പ്ലാൻ ഫണ്ട്</u><br>സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി എല്ലാ വർഷവും അംഗൻവാടി നിർമ്മാണത്തിന് ഫണ്ട് അനുവദിക്കാറുണ്ട് |

K. Vijayan

**സെക്ഷൻ ഓഫീസർ**